പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

07.10.2016 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2350

**ജൈവ വളത്തിന്റെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ജൈവ വളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാറുണ്ടോ; | (എ) 1985 ലെ ഫെർട്ടിലൈസർ (കൺട്രോൾ) ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കർണ്ണാടകയിലെ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തിലാണ് ഇപ്പോൾ സംസ്ഥാനത്ത് വിറ്റഴിക്കുന്ന 1985 ലെ ഫെർട്ടിലൈസർ (കൺട്രോൾ) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നത് ഉണ്ട്. |
| (ബി) കർശനമായ പരിശോധന ഇല്ലാത്തതുകാരണമാണ് ജൈവവളമെന്ന പേരിൽ വ്യാജവളങ്ങളും ഗുണനിലവാരം കുറഞ്ഞവയും സംസ്ഥാനത്ത് വിറ്റഴിക്കപ്പെടാൻ ഇടയാക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇവയുടെ ഗുണനിലവാര പരിശോധന കർശനമാക്കുമോ; | (ബി) ഇതു സംബന്ധിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ള ഉന്നതതല സമിതി ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു. പാലക്കാട് പട്ടാമ്പിയിൽ സംസ്ഥാന കൃഷി വകുപ്പിന്റെ രാസവള ഗുണനിലവാര പരിശോധനശാലയോട് ചേർന്ന് ഒരു ജൈവ ജീവാണുവള ഗുണപരിശോധനാ ലാബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷം തന്നെ ടി ലാബ് പ്രവർത്തന സജ്ജമാക്കുന്നതാണ്. |
| (സി) ജൈവ വളങ്ങൾക്ക് എന്തെങ്കിലും മുദ്ര (മാർക്ക്) നിശ്ചയിച്ച് നൽകിയിട്ടുണ്ടോ;ഇല്ലെങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്ന തരത്തിൽ എന്തെങ്കിലും പ്രത്യേക മുദ്ര നിശ്ചയിച്ച് നൽകുമോ? | (സി) 1985 ലെ ഫെർട്ടിലൈസർ (കൺട്രോൾ) ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര ഫെർട്ടിലൈസർ ബോർഡ് വഴി ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. എന്നാൽ ഇതിനായി പ്രത്യേക മുദ്ര നിശ്ചയിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ